ഉത്തരം

(എ) 3634 കേസുകളിൽ കോടതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ട്.

(ബി) സ്ത്രീകൾ പീഡിപ്പിക്കപ്പെട്ട സംഭവം 1809 ആണ്. ഇതിൽ ചാർജ് ഷീറ്റ് സമർപ്പിച്ചവ 1077 ആണ്.

(സി&ഡി) ഇതുസംബന്ധിച്ച വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

പിൻവലിച്ച ക്രൈം കേസുകൾ

179 (1884) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ക്രൈം കേസുകൾ പിൻവലിക്കാൻ നിരാക്ഷേപ പത്രം നൽകിയെന്ന് വിശദമാക്കാമോ ;

(ബി) ഏതൊക്കെ സ്വഭാവമുള്ള കേസുകളാണ് പിൻവലിച്ചതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 5089 കേസുകൾ.

(ബി) ജനകീയ സമരങ്ങൾ, രാഷ്ട്രീയ സമരങ്ങൾ, സഭാതർക്കം സംബന്ധിച്ച കേസുകൾ, നഴ്സുമാർ നടത്തിയ സമരം, റോഡ് ഉപരോധം, PDPP Act. 420 IPC, 380 IPC, 332 IPC, 378 IPC തുടങ്ങിയ വകുപ്പുകൾ ചുമത്തിയ കേസുകളാണ് പിൻവലിച്ചിട്ടുള്ളത്.

ടെയിനിൽ സ്ത്രീ യാത്രക്കാർക്ക് നേരെയുള്ള അതിക്രമങ്ങൾ

180 (1885) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെയിനിൽ, സ്ത്രീ യാത്രക്കാർക്കു നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവരുടെ സുരക്ഷയ്ക്കായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2014 ജനുവരി മുതൽ ഇതുവരെ സ്ത്രീ യാത്രക്കാർക്കു നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ ; പ്രസ്തുത കേസ്സുകളിൽ തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്ത്രീ സുരക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള നടപടികൾ ചുവടെ വിവരിക്കുന്നു :

(1) സ്ത്രീകൾ ഉൾപ്പെടെ ട്രെയിൻ യാത്രക്കാരെ സംഘടിപ്പിച്ച് "Women Safety Awareness Week" എന്ന പരിപാടി സംഘടിപ്പിച്ചും ജനമൈത്രി പദ്ധതി തയ്യാറാക്കിയും ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും ലഘുലേഖകളും ഫീഡ്ബാക്ക് ഫോമുകളും തയ്യാറാക്കി യാത്രക്കാർക്ക് വിതരണം ചെയ്ത് അഭിപ്രായം സ്വരൂപിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ യാത്രക്കാരുമായി കൂടിക്കാഴ്ചകൾ നടത്തി സ്ത്രീകൾക്ക് എതിരെയുണ്ടാകുന്ന ആക്രമണങ്ങൾ മുൻകൂട്ടി തടഞ്ഞും സുരക്ഷ ഒരുക്കിയും നിയമാനുസൃത നടപടികൾ കൈക്കൊണ്ടുവരുന്നു.

(2) സ്ത്രീ യാത്രക്കാരെയും passengers Association ഭാരവാഹികളെയും റെയിൽവേ ജീവനക്കാരെയും പോർട്ടർമാരെയും മറ്റ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജനയാത്ര സുരക്ഷാ കമ്മിറ്റി രൂപീകരിച്ച് സ്ത്രീകൾക്കെതിരെയുണ്ടാകുന്ന ശല്യപ്പെടുത്തലുകളും ഉപദ്രവങ്ങളും ആക്രമണങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ പോലീസിനെ അറിയിച്ച് നിയമാനുസൃതമായ കേസുകൾ രജിസ്റ്റർ ചെയ്ത് അനന്തര നടപടികൾ ഊർജ്ജിതമായി കൈക്കൊണ്ടുവരുന്നു.

(3) "സുരക്ഷിതമായ ട്രെയിൻ യാത്ര സ്ത്രീകളുടെ അവകാശമാണ്. നിങ്ങളെ സംരക്ഷിക്കുവാൻ റെയിൽവേ പോലീസ് കൂടെയുണ്ട്" എന്ന സന്ദേശവുമായി റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സിന്റെ സഹകരണത്തോടുകൂടിയും സ്റ്റുഡന്റ് പോലീസ് കേഡറ്റുകളെയും ഉൾപ്പെടുത്തി റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും ബോധവൽക്കരണ പരിപാടികളും ലഘുലേഖ വിതരണവും നടത്തിയിട്ടുള്ളതാണ്. "സിറ്റിസൺ ഹെൽപ്പ് ഡെസ്ക്" സ്ത്രീകളുടെ പരാതികൾക്ക് പ്രത്യേക പരിഗണന നൽകി തൽസമയ സഹായ നടപടികൾ കൈക്കൊണ്ടു വരുന്നു.

(4) റെയിൽവേ സ്റ്റേഷനുകളിലും അനുബന്ധ പരിസരങ്ങളിലും പാസഞ്ചർ ട്രെയിൻ ഉൾപ്പെടെയുള്ള ട്രെയിനുകളിലും സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും വനിതാ പോലീസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ

LIBRARY ARCHIVES Kerala Legislative Assembly

പ്ലാറ്റ്ഫോമുകളിലും ട്രെയിനുകളിലും തലങ്ങും വിലങ്ങും ബീറ്റ് ഡ്യൂട്ടിക്കും പട്രോളിംഗ് ഡ്യൂട്ടിക്കും നിയോഗിച്ചും ട്രെയിനുകളിലെ വനിതാ കമ്പാർട്ട്മെന്റുകളിൽ പ്രത്യേകം വനിതാ പോലീസുകാരെ നിയോഗിച്ചും വനിതാ കോച്ചുകൾക്ക് സമീപമുള്ള മറ്റ് കോച്ചുകളിൽ പ്രത്യേകം ഡ്യൂട്ടിക്കാരെ നിയോഗിച്ചും റെയിൽവേ സ്റ്റേഷനുകളിൽ ട്രെയിനുകൾ എത്തിച്ചേരുമ്പോൾ കമ്പാർട്ട്മെന്റുകൾക്ക് സമീപമെത്തി നിരീക്ഷിച്ചും അന്വേഷിച്ചും സ്ത്രീ യാത്രക്കാർക്ക് വേണ്ട സഹായങ്ങൾ ചെയ്തുവരുന്നുണ്ട്.

(5) സ്ത്രീകൾക്കെതിരെ ഉണ്ടാകുന്ന ഏത് അതിക്രമങ്ങൾക്കും മറ്റ് സംഗതികൾക്കും ഉടനടി ബന്ധപ്പെടുന്നതിന് റെയിൽവേ പോലീസ് സൂപ്രണ്ടിന്റെ ഓഫീസിൽ ഒരു "റെയിൽ അലർട്ട് സിസ്റ്റം" നടപ്പിലാക്കിയിട്ടുള്ളതും ഏത് സമയവും (24 മണിക്കൂറും) "റെയിൽ അലർട്ട്" നമ്പരായ 9846200100-ൽ ബന്ധപ്പെടാവുന്നതും തൽസമയംതന്നെ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ടി നമ്പരുകൾ ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും ലഘുലേഖകളിലും മാധ്യമങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

(6) റെയിൽവേ സ്റ്റേഷനുകളിലെ വിശ്രമ മുറികൾ വനിതാ പോലീസുകാരെ കൊണ്ട് പ്രത്യേകം നിരീക്ഷിച്ചും വരുന്നു. സ്ത്രീകൾക്കു നേരെ നടക്കുന്ന കുറ്റകൃത്യങ്ങൾക്ക് ചുമത്താവുന്ന വകുപ്പുകൾ അങ്ങേയറ്റം ചുമത്തി എത്രയും വേഗത്തിൽ പ്രതികളെ അറസ്റ്റ് ചെയ്ത് റിമാൻഡു ചെയ്ത് ഊർജ്ജിതമായി അന്വേഷണം പൂർത്തിയാക്കി ശിക്ഷ ലഭിക്കുന്നതിലേക്ക് കുറ്റപത്രം കോടതിയിൽ സമർപ്പിച്ചും വരുന്നു.

(സി) 2014 ജനുവരി മുതൽ സ്ത്രീ യാത്രക്കാർക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് സംസ്ഥാന റെയിൽവേ പോലീസ് 139 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിൽ 131 എണ്ണം ചാർജ് ചെയ്തിട്ടുള്ളതും 3 കേസ്സുകൾ അന്വേഷണാവസ്ഥയിലും 5 കേസ്സുകൾ തെളിയിക്കപ്പെടാത്തതും ആണ്. ചാർജ് ചെയ്ത 131 കേസ്സുകളിൽ 18 കേസ്സുകൾ വെറുതേ വിട്ടിട്ടുള്ളതും, 110 കേസ്സുകൾ കോടതിയിൽ വിചാരണയിലുമാണ്.

സ്റ്റുഡന്റ് കേഡറ്റ് പദ്ധതി

181 (1886) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്റ്റുഡന്റ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയ സ്കൂളുകളുടെ ജില്ലകൾ തിരിച്ചുള്ള കണക്ക് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly